LIBRARY ARCHIVES Kerala Legislative Assembly

നിലമ്പൂർ കെ.എ.ആർ.ഡി. സൊസൈറ്റി

277(5436) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലാ രജിസ്ട്രാർ ഓഫീസിൽ ചാരിറ്റബിൾ സൊസൈറ്റി രജിസ്ട്രേഷൻ ആക്ട് പ്രകാരം നിലമ്പൂർ കേന്ദ്രമായി കേരള ഏജൻസി ഫോർ റിസർച്ച് ആൻഡ് റൂറൽ ഡെവലപ്പ്മെന്റ് (കെ.എ.ആർ.ഡി.) എന്ന സൊസൈറ്റി രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ ഏത് വർഷമാണ് രജിസ്റ്റർ ചെയ്തതെന്നും അനുവദിച്ച രജിസ്റ്റർ നമ്പരും രജിസ്റ്റർ ചെയ്ത സമയത്ത് സമർപ്പിച്ച നിയമാവലിയും മെമ്മോറാണ്ടം ഓഫ് അസോസിയേഷനും ഓഫീസ് വിലാസവും ഭരണസമിതി അംഗങ്ങളുടെയും ഭാരവാഹികളുടെയും പട്ടികയുടെ പകർപ്പുകളും ലഭ്യമാക്കുമോ?

കേരള ഏജൻസി ഫോർ റിസർച്ച് ആൻഡ് റൂറൽ ഡെവലപ്പ്മെന്റ് (കെ.എ.ആർ.ഡി.) എന്ന സൊസൈറ്റി 1860-ലെ സൊസൈറ്റി രജിസ്ട്രേഷൻ ആക്ട് പ്രകാരം മലപ്പുറം ജില്ലാ രജിസ്ട്രാർ (ജനറൽ) ഓഫീസിൽ 1-8-2001-ന്, 533/2001 എന്ന നമ്പരായി രജിസ്റ്റർ ചെയ്തിട്ടുള്ളതാകുന്നു. ടി സംഘത്തിന്റെ നിയമാവലിയിലെ ഓഫീസ് വിലാസം ഓഫീസ് ഓഫ് ദി കാർഡ്, നിലമ്പൂർ.പി.ഒ, മലപ്പുറം, മലപ്പുറം ജില്ലയിലെ നിലമ്പൂർ ഗ്രാമ പഞ്ചായത്തിലെ 50C/XII നമ്പർ കെട്ടിടം എന്നാകുന്നു. നിയമാവലി, മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ, ഭരണസമിതി അംഗങ്ങളുടെ പട്ടിക എന്നിവയുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പ്രസ്തുത സൊസൈറ്റി രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായി വരുന്നതാണോയെന്നും നിലവിൽ രജിസ്ട്രേഷൻ ഉണ്ടോയെന്നും അറിയിക്കുമോ?

28-1-2008-ൽ, 2008-2009 വർഷത്തെ ഭരണസമിതി ലിസ്റ്റാണ് മലപ്പുറം ജില്ലാ രജിസ്ട്രാർ (ജനറൽ) ഓഫീസിൽ അവസാനമായി ഫയൽ ചെയ്തിട്ടുള്ളത്. ഓഫീസ് രേഖകൾ പ്രകാരം രജിസ്ട്രേഷൻ നിലവിലുണ്ട്.

(സി) ഈ സൊസൈറ്റിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; കെ.എ.ആർ.ഡി. ഇൻസ്റ്റിറ്റ്യൂട്ട് എന്ന കമ്പ്യൂട്ടർ സ്ഥാപനവും 'കൂടെ' എന്ന പുനരധിവാസ കേന്ദ്രവും പ്രസ്തുത സംഘത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളിൽ ഉൾപ്പെട്ടിരുന്നതാണോ; ഈ സ്ഥാപനങ്ങൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് അറിയിക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിയമാവലിയിലെ സെക്ഷൻ 5-ൽ വിവരിച്ചിട്ടുള്ള ഉദ്ദേശ്യലക്ഷ്യങ്ങൾ പരിശോധിച്ചതിൽനിന്നും കെ.എ.ആർ.ഡി. ഇൻസ്റ്റിറ്റ്യൂട്ട് എന്ന കമ്പ്യൂട്ടർ സെന്റർ, 'ക്കൂടെ' എന്ന പുനരധിവാസ കേന്ദ്രം എന്നിവയെക്കുറിച്ച് പ്രത്യേകം പരാമർശിച്ചിട്ടുള്ളതായി കാണുന്നില്ല. ടി സ്ഥാപനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ രജിസ്ട്രേഷൻ വകുപ്പിൽ ലഭ്യമല്ല.

(ഡി) പ്രസ്തുത സൊസൈറ്റിയുടെ വരവുചെലവ് കണക്കുകൾ രജിസ്ട്രാർ ഓഫീസിൽ സമർപ്പിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പുകൾ ലഭ്യമാക്കുമോയെന്നും ഏതൊക്കെ വർഷങ്ങളിലാണ് ഓഡിറ്റ് ചെയ്ത വരവു ചെലവ് കണക്കുകൾ സമർപ്പിച്ചിട്ടുള്ളതെന്നും അറിയിക്കുമോ?

1860-ലെ സൊസൈറ്റി രജിസ്ട്രേഷൻ ആക്ട് സെക്ഷൻ (4) പ്രകാരം മാനേജിംഗ് സമിതിയുടെ വാർഷിക ലിസ്റ്റാണ് ഫയൽ ചെയ്തിട്ടുള്ളത്. ടി സംഘത്തിന്റെ വരവുചെലവ് കണക്കുകൾ രജിസ്ട്രേഷൻ വകുപ്പിൽ ലഭ്യമല്ല.

(ഇ) ഈ സൊസൈറ്റിയുടെ വരുമാനമാർഗ്ഗങ്ങൾ എന്തൊക്കെയാണെന്നാണ് രജിസ്ട്രേഷൻ വകുപ്പിൽ അറിയിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ടി സംഘത്തിന്റെ നിയമാവലിയിലെ സെക്ഷൻ 11-ൽ ധനാഗമന മാർഗ്ഗങ്ങളെക്കുറിച്ച് വിവരിക്കുന്നതിൽ സംഘടനയ്ക്കാവശ്യമായ പണം - 1. അംഗങ്ങളിൽ നിന്നുള്ള മെമ്പർഷിപ്പ് ഫീസ് 2. വായ്പകൾ 3. സംഭാവനകൾ, ഗ്രാന്റുകൾ 4. സംഘടനയ്ക്ക് ലഭിക്കുന്ന പ്രോജക്ടുകളിൽ നിന്നുള്ള വിഹിതം. 5. സംഘടനയ്ക്ക് കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽനിന്നുള്ള വരുമാനങ്ങൾ എന്നീ രീതികളിൽ സംഭരിക്കാവുന്നതാണെന്ന് ചേർത്തിരിക്കുന്നു.

(എഫ്) കമ്പ്യൂട്ടർ സെന്റർ, പുനരധിവാസ കേന്ദ്രം എന്നിവ നടത്തിയിരുന്നത് എവിടെനിന്നൊക്കെ ധനസമാഹരണം നടത്തിയാണെന്നും ഏതെങ്കിലും ബാങ്കുകളിൽനിന്നോ സഹകരണ സംഘങ്ങളിൽനിന്നോ പ്രസ്തുത സൊസൈറ്റി ഏതെങ്കിലും സമയത്ത് വായ്പ എടുത്തിരുന്നോയെന്നും എത്ര തുകയെന്നും എന്നാണ് വായ്പ എടുത്തതെന്നും വ്യക്തമാക്കാമോ; ഇതുസംബന്ധിച്ച വിവരങ്ങൾ മലപ്പുറം രജിസ്ട്രാർ ഓഫീസിൽ സമർപ്പിച്ചിട്ടുണ്ടെങ്കിൽ പകർപ്പുകൾ ലഭ്യമാക്കാമോ;

പ്രസ്തുത വിവരങ്ങൾ രജിസ്ട്രേഷൻ വകുപ്പിൽ ലഭ്യമല്ല.

(ജി) പ്രസ്തുത സംഘത്തെക്കുറിച്ച് എന്തെങ്കിലും പരാതികൾ മലപ്പുറം ജില്ലാ രജിസ്ട്രാർ ഓഫീസിൽ ലഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പരാതികൾ ലഭിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly